അമ്യൂസ്മെന്റ് പാർക്കുകളിൽ നിന്നും ഈടാക്കുന്ന വിനോദ നികുതി

95 [813] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അമ്യൂസ്മെന്റ് പാർക്കുകളിൽനിന്നും വിനോദ നികുതി ഈടാക്കാറുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) അപ്രകാരം ഈടാക്കുന്ന നികുതിയുടെ വിനിയോഗം എങ്ങനെയാണെന്ന് വിശദമാക്കുമോ;

(ഡി) എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 'വീഗാലാന്റ്' അമ്യൂസ്മെന്റ് പാർക്ക് നികുതിയിനത്തിൽ എന്ത് തുക നൽകേണ്ടിയിരുന്നു;

(ഇ) അതിൽ എത്ര തുക ഇതിനകം നൽകിയിട്ടുണ്ട്;

(എഫ്) നികുതി നൽകാത്തതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത സ്ഥാപനങ്ങളെ വിനോദ നികുതിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(എച്ച്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവേശന ടിക്കറ്റിന്റെ 24%-ൽ കുറയാത്തതും 48%-ൽ കൂടാത്തതുമായ തുക വിനോദ നികുതിയായി ഈടാക്കുന്നു.

(സി) ഗ്രാമപഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത തുക ചെലവഴിക്കുന്നത്.

(ഡി) 4-4-2000 മുതൽ 31-3-2003 വരെ വിനോദ നികുതി ഇനത്തിൽ 8,50,20,957 രൂപയും പ്രദർശന നികുതി ഇനത്തിൽ 32,139 രൂപയും ഉൾപ്പെടെ മൊത്തം 8,50,53,096 രൂപയും നൽകേണ്ടിയിരുന്നു.

(ഇ) 30-11-2002 വരെയുള്ള പ്രദർശന നികുതിയിനത്തിൽ 27,998 രൂപ ഒടുക്കിയിട്ടുണ്ട്.

(എഫ്) വീഗാലാന്റിൽ നിന്നും ബഹു. ഹൈക്കോടതി വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് വിധിച്ചിട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly